# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *697 14/07/2014 ൽ മറുപടിക്ക്**

**പഞ്ചായത്തു വകുപ്പിലെ ഫയൽ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.യു. കുരുവിള:<br>„ സി.എഫ്. തോമസ്:<br>„ മോൻസ് ജോസഫ്:<br>„ തോമസ് ഉണ്ണിയാടൻ: | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്ത് ഡയറക്റ്ററേറ്റിൽ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഗ്രാമപഞ്ചായത്തുകൾ മുതൽ പഞ്ചായത്ത് ഡയറക്റ്ററേറ്റ് വരെ ലഭിക്കുന്ന അപേക്ഷകൾ ഏറ്റവും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് ഡയറക്റ്ററേറ്റിലേക്ക് നൽകേണ്ട റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഡി.ഡി.പികളിൽ നിന്നും ഓൺലൈൻ സംവിധാനം വഴി നിർബന്ധമാക്കി, ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും | സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ അഞ്ച് വർഷത്തിൽ ക്കൂടുതൽ പഴക്കമുള്ള ഫയലുകൾ, 3 വർഷത്തിൽക്കൂടുതൽ പഴക്കമുള്ള ഫയലുകൾ, 3 വർഷത്തിനും 5 വർഷത്തിനും ഇടയിൽ പഴക്കമുള്ള ഫയലുകൾ എന്നിവ തീർപ്പാക്കുന്നതിന്റെ ഭാഗമായി ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും 2 ഘട്ടങ്ങളായി 601 ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി ഫയലുകൾ തീർപ്പാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ